LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർക്കുള്ള പത്രമാസികകൾക്കുള്ള ചെലവ്

26 [3401] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മന്ത്രിമാരുടെ ഓഫീസുകളിലും ഔദ്യോഗിക വസതികളിലും വരുന്ന പത്രമാസികകളുടെ ചെലവ് വഹിക്കുന്നതാരാണ്;

(ബി) ഈ ചെലവ് ഗവൺമെന്റ് വഹിക്കാറുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിലവിലുള്ള ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) പൊതുഭരണ വകുപ്പ് അനുവദിക്കുന്ന തുകയ്ക്ക് അനുസൃതമായി വിവര പൊതുജനസമ്പർക്ക വകുപ്പാണ് പത്രമാസികകളുടെ ചെലവ് വഹിക്കുന്നത്.

(ബി) ഉണ്ട്. ഏതാണ്ട് 30 വർഷം മുമ്പ്, ഇപ്പോഴത്തെ പൊതുഭരണ വകുപ്പ് നിലവിൽ വരുന്നതിനുമുമ്പ് ഉണ്ടായിരുന്ന പൊതു വകുപ്പ് ഇത് സംബന്ധിച്ച് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ആയതിന്റെ പകർപ്പ് ഉടൻ ലഭ്യമല്ല.

പ്രതിപക്ഷനേതാവ് വിവിധ ഇനങ്ങളിൽ ചെലവഴിച്ച തുക

27 [3402] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് 17 മുതൽ ജൂൺ 30 വരെ പ്രതിപക്ഷ നേതാവ് ടി. എ., ഡി. എ. ഇനത്തിൽ എത്ര രൂപാ കൈപ്പറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ഇനത്തിൽ എന്ത് തുക കൈപ്പറ്റിയിട്ടുണ്ട്;

(സി) പ്രതിപക്ഷ നേതാവിന്റെ വസതി മോടിപിടിപ്പിക്കുന്നതിനും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ കാലയളവിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ടെലിഫോൺ, മൊബൈൽ ഫോൺ വാടക എന്നീ ഇനങ്ങളിൽ ഈ കാലയളവിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 7,71,624 (ഏഴ് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി അറുനൂറ്റി ഇരുപത്തി നാല്) രൂപ കൈപ്പറ്റിയിട്ടുണ്ട്.

(ബി) ആകെ 2,06,803 (രണ്ട് ലക്ഷത്തി ആറായിരത്തി എണ്ണൂറ്റി മൂന്ന്) രൂപ കൈപ്പറ്റിയിട്ടുണ്ട്.

(സി) മോടിപിടിപ്പിക്കുന്നതിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല. മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 4,72,935 (നാല് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി തൊള്ളായിരിത്തി മുപ്പത്തി അഞ്ച്) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ടെലിഫോൺ വാടക ഇനത്തിൽ 10,14,498 (പത്ത് ലക്ഷത്തി പതിനാലായിരത്തി നാനൂറ്റി തൊണ്ണൂറ്റി എട്ട്) രൂപയും, മൊബൈൽ ഫോൺ വാടക ഇനത്തിൽ 91,964 (തൊണ്ണൂറ്റൊന്നായിരത്തി തൊള്ളായിരത്തി അറുപത്തിനാല്) രൂപയും ചെലവഴിച്ചിട്ടുണ്ട്.

വിവിധ ശാസ്ത്ര സ്ഥാപനങ്ങളും ഗവേഷണ ഫലങ്ങളും

28 [3403] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:

,, രാജു എബ്രഹാം:

,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ശാസ്ത്ര സ്ഥാപനങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കുന്നതിനും വിവിധ ഏജൻസികളിൽ നിന്ന് ധന സഹായം നേടിയെടുക്കുന്നതിനും ഇപ്പോൾ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ വരുന്ന ആർ. ആന്റ് ഡി. സ്ഥാപനങ്ങൾ കഴിഞ്ഞ മൂന്നു വർഷത്തികം ഗവേഷണങ്ങളുടെ ഫലമായി ഏതെല്ലാം ശാസ്ത്രീയ കണ്ടുപിടുത്തങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങളെ അന്യ സംസ്ഥാനങ്ങളിലേക്ക് മാറ്റിക്കൊണ്ടുപോകുന്നതിനുള്ള നീക്കം നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങളെ സംസ്ഥാനത്തുതന്നെ നിലനിർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന പണത്തിന്റെ വിനിയോഗത്തെക്കുറിച്ച് പരിശോധന നടത്താറുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly